**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4419** **01-07-2024 - ൽ മറുപടിയ്ക്ക്**

**നിക്ഷേപ സൗഹൃദ റാങ്കിംഗിൽ കേരളത്തിന്റെ സ്ഥാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2016-ൽ മുൻ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇന്ത്യയിൽ നിക്ഷേപ സൗഹൃദ റാങ്കിംഗിൽ കേരളത്തിന്റെ സ്ഥാനം എത്രയായിരുന്നുവെന്നും 5 വർഷം കൊണ്ട് ഇതിൽ എത്രത്തോളം മുന്നേറ്റമുണ്ടാക്കാൻ സാധിച്ചുവെന്നും അറിയിക്കാമോ; | (എ) | 2016-2017-ലെ സൗഹൃദ റാങ്കിംഗിൽ കേരളത്തിന്റെ സ്ഥാനം 20 ആയിരുന്നു. ടി സ്ഥാനത്ത് നിന്നും സംസ്ഥാനത്തിന്റെ റാങ്ക് 15-ലേക്ക് ഉയർന്നിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (DPIIT) നടത്തിവരുന്ന സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ പ്രകാരം സംസ്ഥാനങ്ങൾക്ക് നടപ്പിലാക്കാനായി നല്കുന്ന പരിഷ്കരണ ശുപാർശകളുടെ നടപ്പാക്കൽ സ്കോർ 2016-ൽ 26.9% ആയിരുന്നത് 2022-ൽ 91% ആയി വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. |
| (ബി) | 2021-ൽ ഈ സർക്കാർ അധികാരമേൽക്കുമ്പോൾ പ്രസ്തുത റാങ്ക് എത്രയായിരുന്നുവെന്നും ഇപ്പോൾ റാങ്ക് എത്രയാണെന്നും അറിയിക്കുമോ; | (ബി) | 2021-ൽ ഈ സർക്കാർ അധികാരമേൽക്കുമ്പോൾ, നിക്ഷേപ സൗഹൃദ സൂചിക നിശ്ചയിക്കുന്നതിനായി കേന്ദ്ര സർക്കാർ പുറത്തിറക്കിയ 2020-ലെ സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ (SBRAP 2020) നടപ്പിലാക്കൽ കാലാവധി പൂർത്തിയായിട്ടില്ലായിരുന്നു. ആയത് പൂർത്തിയായതോടെ കേരളത്തിന്റെ റാങ്ക് 28-ൽ നിന്നും 15-ലേക്ക് ഉയർന്നു. അതിനു ശേഷം കേന്ദ്ര സർക്കാർ പുറത്തിറക്കിയ 2022-ലെ സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ (SBRAP 2022) ഫലപ്രഖ്യാപനം ഇതുവരെയും നടന്നിട്ടില്ല. |
| (സി) | ഇക്കാലയളവിൽ കേരളത്തിൽ നിക്ഷേപം നടത്താൻ തയ്യാറായ പുതിയ പ്രധാന കമ്പനികളും അവയുടെ നിക്ഷേപത്തുക എത്ര എന്നും ഇതുവഴി എത്ര പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട് എന്നും വിശദമാക്കാമോ? | (സി) | പ്രസ്തുത കാലയളവിൽ കേരളത്തിൽ നിക്ഷേപം നടത്താൻ നിരവധി സംരംഭകർ തയ്യാറായി മുന്നോട്ട് വന്നിട്ടുണ്ട്. വ്യവസായ സംരംഭകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനായി നടത്തിയ മീറ്റ് ദി ഇൻവെസ്റ്റർ, വൺ റ്റു വൺ ഇൻവെസ്റ്റർ പിച്ച് പരിപാടിയുടെ ഭാഗമായി 11,000 കോടിയിൽ പരം വ്യവസായ നിക്ഷേപ താല്പര്യം ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തേക്ക് വന്നിട്ടുള്ള |

| | | | |
|---|---|---|---|
| | | | പ്രധാനപ്പെട്ട വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധം - 1 -ൽ ചേർക്കുന്നു.<br><br>ടി പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിൽ ആയതിനാൽ ഇവയിലൂടെ ഉണ്ടാകുന്ന തൊഴിലവസരങ്ങളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല എന്നിരുന്നാലും അയ്യായിരത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് കരുതുന്നു.<br><br>കൂടാതെ കിൻഫ്ര പാർക്കിൽ പ്രവർത്തനമാരംഭിക്കുന്നതിന് അനുമതി നൽകിയ പ്രധാന കമ്പനികളുടെ വിശദാംശങ്ങൾ അനുബന്ധം - 2 ൽ ചേർക്കുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ നാളിതുവരെ സംസ്ഥാനത്ത് 2,67,053 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 17,644 കോടി രൂപയുടെ നിക്ഷേപം കൊണ്ട് വരാനും 5,90,681 പേർക്ക് തൊഴിൽ നൽകുവാനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – 1**

| ക്ര. നം. | കേരളത്തിൽ നിക്ഷേപം നടത്താൻ മുന്നോട്ട് വന്നിട്ടുള്ള പ്രധാനപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ | മേഖല |
|---|---|---|
| 1 | ഡി സ്പേസ് | ഓട്ടോമൊബൈൽ സെക്ടറിൽ സിമുലേഷൻ ആൻഡ് വാലിഡേഷൻ സൊല്യൂഷൻ പ്രൊവൈഡർ |
| 2 | അത്താച്ചി | ആയുർവേദ ഔഷധ സസ്യ കൃഷിയും ചർമ്മ, മുടി സംരക്ഷണത്തിൽ ലോകോത്തര നിലവാരത്തിലുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും |
| 3 | ആർ.സി.സി. ന്യൂട്രാ ഫില്ല്സ് (ഭാരത് ബയോടെക്) | ഭക്ഷ്യ സംസ്ക്കരണവും സംരക്ഷണവും |
| 4 | ലിവെയ്ജ് | എഞ്ചിനീയറിംഗ് ആൻഡ് മാനുഫാക്ച്ചറിംഗ് |
| 5 | ആസ്കോ ഗ്ലോബൽ: | ബിസ്കറ്റ് നിർമ്മാണം (ഭക്ഷ്യ സംസ്കരണം) |
| 6 | അവിഘ്ന. | ലോജിസ്റ്റിക്സ് |
| 7 | ബിൽടെക് | റീറ്റെയ്ൽ |
| 8 | നെസ്റ്റോ ഗ്രൂപ്പ് | റീറ്റെയ്ൽ |
| 9 | വെൻഷുവർ | ടോട്ടൽ ബിസിനസ് സൊല്യൂഷൻ പ്രൊവൈഡർ ആൻഡ് ഹ്യൂമൻ ബിസിനസ്സ് റിസോഴ്സ് പ്രൊവൈഡർ |
| 10 | ഡൈനിമേറ്റഡ് | ടെക്നോളജിയും കലയും ഇന്നോവേഷനും |
| 11 | മുരല്യ | പാൽ ഉൽപ്പന്നങ്ങൾ (ഭക്ഷ്യ സംസ്കരണം) |
| 12 | മിനാർ | മാന്യുഫാക്ച്ചറിംഗ് (സ്റ്റീൽ) |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം – 2**

കിൻഫ്രയുടെ വിവിധ പാർക്കുകളിൽ അനുവദിച്ച പ്രധാന കമ്പനികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കമ്പനി | സ്ഥലം അനുവദിച്ച പാർക്ക് | നിക്ഷേപം (കോടി രൂപയിൽ ) | സൃഷ്ടിച്ച തൊഴിലവസരങ്ങൾ. |
|---|---|---|---|
| TCS | EMC, Kochi | 600 | 3000 |
| TATA Elxsi Ltd | KFVP, Trivandrum | 75 | 2500-5000 (in phased manner) |
| GenRobotic Innovations Pvt Ltd | KINFRA, Film & Video Park | 10.31 | 100 |
| V - Guard Ltd | EMC, Kochi | 50 | 350 |
| Agappe Diagnostics Pvt Ltd. | EMC, Kochi | 9.3 | 200 |
| Trans-Asian Shipping Co. | EMC, Kochi | 29.03 | 80 |
| Hykon | EMC, Kochi | 40 | 100 |
| Vinvish Technologies Pvt Ltd | KIAP, Trivandrum | 155 | 1000 |
| Jolly Coates | Petrochemical Park, Kochi | 38 | 130 |
| Vensure HCM | KFVP Trivandrum | 5 | 150 |
| Jayanthi SMP Tea Private Ltd | Megafood Park, Palakkad | 30 | 50 |
| G Vein Medic Pvt Ltd | Defence Park, Ottapalam | 24 | 200 |
| Veins India Life Science Pvt Ltd | Defence Park, Ottapalam | 7 | 72 |
| Climate Natural Spices Pvt Ltd | KINFRA Spices Park, Idukki | 17 | 100 |
| Muraco Infotech Pvt Ltd | SDF, Advanced Technology Park, Ramanattukara | 2 | 40 |
| D- Space | KFVP, Trivandrum | 15 (in phased manner) | 50 (in phased manner) |

**സെക്ഷൻ ഓഫീസർ**